**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 70** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വനനിയമം കർഷകരെ പ്രതികൂലമായി ബാധിക്കാതിരിക്കാനുള്ള നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. രമേഷ് പിഷാരടി

ശ്രീ. സുമേഷ് അച്ചുതൻ

ശ്രീ. രാജൻ. ജെ. പല്ലൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു ബേബി ജോൺ

(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** പഴയ റിസർവ് വന വിജ്ഞാപനങ്ങൾ പ്രതികൂലമായി ബാധിക്കപ്പെട്ട കർഷകരുടെ ഭൂമിയിന്മേലുള്ള അവകാശം സംരക്ഷിച്ചുകൊണ്ട് വനഭൂമിയും കൃഷിഭൂമിയും തമ്മിൽ അതിർത്തി നിർണയിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ;

**<u>മറുപടി:</u>** പഴയ റിസർവ്വ് വന വിജ്ഞാപനവും സർവ്വേ റിക്കോർഡുകളും പരിശോധിച്ച് അതിർത്തി പുനഃനിർണ്ണയം നടത്തിയാണ് വനഭൂമിയും സ്വകാര്യ ഭൂമിയും വേർതിരിച്ച് ജണ്ടകൾ കെട്ടുന്നത്. 1961-ലെ കേരള ഫോറസ്റ്റ് ആക്ടും 1965-ലെ ഫോറസ്റ്റ് സെറ്റിൽമെന്റ് റൂൾസും അനുസരിച്ച് ആവശ്യമായ നിയമപരമായ നടപടിക്രമങ്ങളും സെറ്റിൽമെന്റുകളും പാലിച്ചാണ് സർക്കാർ ഭൂമിയെ റിസർവ്ഡ് വനമാക്കി വിജ്ഞാപനം ചെയ്യുന്നത്. ഇത്തരത്തിലുള്ള വനഭൂമിയിൽ 01-01-1977 ന് മുമ്പ് കൈവശമുള്ള ഭൂമിയുടെ നിയമസാധുതയ്ക്കായി കേന്ദ്രാനുമതി തേടുന്നതിനുള്ള പരിശോധനകൾ നടത്താൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**(ബി)** വനസമ്പത്ത് സംരക്ഷിച്ചുകൊണ്ട് വനസമ്പത്തിനെ ആശ്രയിച്ചുകഴിയുന്ന ഗോത്രവിഭാഗങ്ങൾക്ക് സുസ്ഥിരമായ വരുമാനമാർഗ്ഗങ്ങൾ ലഭ്യമാക്കുന്നതിന് വനവിഭവശേഖരണത്തിനും വിപണനത്തിനുമുള്ള സാധ്യതകൾ വിപുലീകരിക്കുമോ;

**<u>മറുപടി:</u>** പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**(സി)** വന്യജീവികളുടെ ആക്രമണം മൂലം ദുരിതമനുഭവിക്കുന്ന വനമേഖലയിലെ കർഷകർക്ക് പലിശരഹിത വായ്പകളും വിളകൾക്ക് ഇൻഷുറൻസ് പരിരക്ഷയും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വന്യജീവി സംഘർഷം മൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് കാർഷിക വിളകൾക്ക് സമഗ്ര ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനുള്ള സാധ്യത ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു.

**(ഡി)** വന്യജീവി ആക്രമണത്തിൽ നിന്നും വിളകളെ സംരക്ഷിക്കാൻ വിളകളിലും കൃഷിരീതികളിലും ബദൽ മാർഗ്ഗങ്ങളുടെ സാധ്യതകൾ കൃഷിവകുപ്പുമായി ചേർന്ന് പരിശോധിക്കുമോ?

**മറുപടി:** വന്യജീവികളിൽ നിന്നും കാർഷികവിളകളെ സംരക്ഷിക്കുന്നതിനായി കൃഷിവകുപ്പും, തദ്ദേശ സ്വയംഭരണം ഉൾപ്പെടെയുള്ള അനുബന്ധ വകുപ്പുകളും സഹകരിച്ച് അതിനൂതന കൃഷിരീതി എന്ന നിലയിൽ വന്യജീവികളെ ആകർഷിക്കാത്ത ബദൽ വിളകൾ, മിശ്രകൃഷി മാതൃകകൾ എന്നിവയുടെ സാധ്യതകൾ പരിശോധിച്ചുവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**